II ഇ.ബി.XVI-കേരളനിയമസഭ/II-4

**പതിനാറാം കേരളനിയമസഭ**

രണ്ടാം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2026 ഒക്ടോബർ 15, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

12 (*91) ഡിജിറ്റൽ റീസർവെ

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് 839 വില്ലേജുകളിൽ ഡിജിറ്റൽ സർവെ നടപടികൾ ആരംഭിച്ചതിൽ 266 വില്ലേജുകളിൽ അന്തിമ വിജ്ഞാപനവും 120 വില്ലേജുകളിൽ കരട് വിജ്ഞാപനവും പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും ഫണ്ടിന്റെ അപര്യാപ്തതമൂലം നിർത്തിവച്ചിരുന്ന സർവെ പ്രവർത്തനങ്ങൾ 2026 നവംബർ 1 മുതൽ 'ഡിജിറ്റൽ സർവെ 2.0' എന്ന പേരിൽ പുനരാരംഭിക്കുന്നതാണെന്നും സഭയെ അറിയിച്ചു. കരാർ വ്യവസ്ഥയിൽ നിയമിച്ചിരുന്ന ഹെൽപ്പർമാർ ഒഴികെയുള്ള താൽക്കാലിക ജീവനക്കാരെ ഒഴിവാക്കി ഡിജിറ്റൽ സർവെ പ്രവർത്തനങ്ങൾ നടന്നുവരികയാണെന്നും പദ്ധതിയുടെ മുൻകാല കുടിശ്ശിക, പ്രതിമാസ ചെലവുകൾ എന്നിവയ്ക്കായി തുക അനുവദിക്കുന്ന നടപടി സ്വീകരിച്ചുവരികയാണെന്നും മന്ത്രി കൂട്ടിച്ചേർത്തു. സർക്കാരിന്റെ നൂറുദിന കർമ്മപരിപാടിയുടെ ഭാഗമായി ഡിറ്റിജൽ സർവെയുമായി ബന്ധപ്പെട്ട 81421 പരാതികൾ തീർപ്പാക്കിയിട്ടുണ്ട്. 97524 അപേക്ഷകളിന്മേൽ സർവെ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും കൈവശഭൂമിയുടെ വിസ്തീർണ്ണ വ്യത്യാസം ക്രമവൽക്കരിക്കുന്നത് സംബന്ധിച്ച ബിൽ ബഹു. ഗവർണ്ണറുടെ പരിഗണനയിലാണെന്നും മന്ത്രി വ്യക്തമാക്കി. ഡിജിറ്റൽ സർവെ 2.0 പദ്ധതിയിൽ താൽക്കാലിക സർവെയർമാരുടെ സേവനവും പരിചയസമ്പത്തും വിനിയോഗിക്കുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണെന്നും പരാതികൾ പരിഹരിക്കുന്നതിന് 24X7 എ.ഐ. ചാറ്റ് ബോട്ട് സംവിധാനം ആരംഭിച്ചിട്ടുണ്ടെന്നും കൈവശഭൂമിയുടെ വിസ്തീർണ്ണത്തിൽ

വ്യത്യാസമുള്ള ഭൂവുടമകളിൽനിന്നും താൽക്കാലികമായി നികുതി സ്വീകരിക്കാൻ നിർദേശം നൽകിയിട്ടുണ്ടെന്നും ഡിജിറ്റൽ സർവെയുമായി ബന്ധപ്പെട്ട് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് Information Education and Communication (IEC) പ്രോഗ്രാം ആരംഭിക്കുന്നതാണെന്നും ഭൂവുടമകൾക്ക് ലാൻഡ് ഐ.ഡി. കാർഡ് നൽകുന്ന കാര്യം പരിശോധിച്ചുവരികയാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

13 (*92) പി.എം.ശ്രീ പദ്ധതി

പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. എൻ. ഷംസുദ്ദീൻ) നൽകിയ മറുപടിയിൽ, മുൻ സർക്കാർ ഒപ്പുവച്ച പി. എം. ശ്രീ പദ്ധതിയുടെ ധാരണാപത്രത്തിലെ വ്യവസ്ഥകൾപ്രകാരം ഏകപക്ഷീയമായി പദ്ധതിയിൽനിന്ന് പിന്മാറാനുള്ള അവകാശം സംസ്ഥാനത്തിനില്ലെന്നും സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ സിലബസ് അല്ലാതെ മറ്റൊരു പാഠ്യപദ്ധതിയും പഠിപ്പിക്കാൻ സാധിക്കില്ലെന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്നും മന്ത്രിസഭാ ഉപസമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പി.എം.ശ്രീ പദ്ധതിയുടെ ഭാവികാര്യങ്ങൾ തീരുമാനിക്കുന്നതാണെന്നും സഭയെ അറിയിച്ചു. സംസ്ഥാനത്ത് പ്രസ്തുത പദ്ധതി നടപ്പാക്കാത്തതിനാൽ, സമഗ്ര ശിക്ഷാ കേരളം (SSK), പി.എം.ജൻ മൻ (PM JAN MAN), ഡി.എ.ജെ.ജി.യു.എ. (DAJGUA), ഡയറ്റ്സ് ഓഫ് എക്സലൻസ് (DIETs of Excellence) എന്നീ പദ്ധതികളുടെ കേന്ദ്ര വിഹിതം തടഞ്ഞുവച്ചിരിക്കുകയാണ്. പഞ്ചാബ് സർക്കാർ 2023 ജൂലൈയിൽ പദ്ധതിയിൽനിന്ന് പിന്മാറിയെങ്കിലും 2024 ജൂലൈയിൽ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും നിലവിൽ തമിഴ്നാട് ഒഴികെയുള്ള സംസ്ഥാനങ്ങൾ പി.എം.ശ്രീ ധാരണാപത്രത്തിൽ ഒപ്പുവച്ചിട്ടുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു. മന്ത്രിസഭാ ഉപസമിതി രണ്ടുതവണ യോഗം ചേർന്ന് ഇതുസംബന്ധിച്ച് വിശദമായി ചർച്ച ചെയ്തിട്ടുണ്ടെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

14 (*93) ടൂറിസം മേഖലയിലെ പുതിയ പദ്ധതികൾ

വിനോദസഞ്ചാര-സാംസ്കാരിക വകുപ്പുമന്ത്രി (ശ്രീ. പി. സി. വിഷ്ണുനാഥ്) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലയിൽ വിപുലമായ കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണെന്ന് സഭയെ അറിയിച്ചു. വിഴിഞ്ഞം അന്താരാഷ്ട്ര

തുറമുഖം, കൊച്ചി തുറമുഖം എന്നിവയെ കോർത്തിണക്കി ക്രൂയിസ് ടൂറിസം കേന്ദ്രങ്ങളും ടൂറിസം സർക്യൂട്ടുകളും വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലാണ്. കേരളത്തിന്റെ തനത് സംസ്കാരവും ഗ്രാമീണ ജീവിതരീതികളും അനുഭവവേദ്യമാക്കുന്നതിന് 'ബി എ മലയാളി ഫോർ എ ഡേ' പ്രചാരണ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്നും ഓരോ ജില്ലയുടെയും സാംസ്കാരിക പൈതൃകവും നാടൻ കലകളും മുൻനിർത്തി പ്രത്യേക പാക്കേജുകൾ രൂപീകരിച്ച് ഡിജിറ്റൽ മാർക്കറ്റിങ് വഴി ആഗോളതലത്തിൽ പ്രചാരണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു. സാഹസിക വിനോദസഞ്ചാരത്തിന് പ്രാധാന്യം നൽകി പുതിയ കേന്ദ്രങ്ങൾ വികസിപ്പിച്ചും ഹോംസ്റ്റേകൾ നവീകരിച്ച് ഗ്രാമീണ ടൂറിസത്തിന് കരുത്തുപകർന്നും വിനോദസഞ്ചാര കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തി പുതിയ സർക്യൂട്ടുകൾ രൂപീകരിച്ചും സഞ്ചാരികളുടെ എണ്ണം വർധിപ്പിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് മന്ത്രി വ്യക്തമാക്കി. വിഴിഞ്ഞം തുറമുഖത്തിലെത്തുന്ന അന്താരാഷ്ട്ര സഞ്ചാരികൾക്കായി തിരുവനന്തപുരം, കൊച്ചി മേഖലകളിലെ പൈതൃക-ബാക്ക്‌വാട്ടർ കേന്ദ്രങ്ങളിലേക്ക് പ്രാദേശിക ഡേ-ടൂറുകളും പ്രത്യേക ഹെറിറ്റേജ് യാത്രകളും സംഘടിപ്പിക്കുന്നതിനും സമീപത്തുള്ള അന്താരാഷ്ട്ര വിമാനത്താവളങ്ങൾ/പ്രധാന റെയിൽവേ കേന്ദ്രങ്ങൾ എന്നിവയുമായി സുഗമമായ ഗതാഗത ബന്ധിപ്പിക്കൽ (Connectivity) ഉറപ്പാക്കാനും ഉദ്ദേശിക്കുന്നുണ്ട്. കോവളം, ആലപ്പുഴ, ഫോർട്ട് കൊച്ചി, മൂന്നാർ, വയനാട് തുടങ്ങിയ പ്രദേശങ്ങളിൽ പൈലറ്റ് പ്രോജക്ടായി ഗ്രീൻ മാർഷൽ പദ്ധതി നടപ്പാക്കിവരുന്നുണ്ടെന്നും ബ്രാൻഡ് വയനാട് പദ്ധതിക്ക് മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ടെന്നും സർക്കാർ വകുപ്പുകളുടെ കീഴിൽ ഉപയോഗശൂന്യമായി കിടക്കുന്ന ഭൂമിയിൽ ഫാം ടൂറിസം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും കല-സംസ്കാരം-ആയുർവേദം എന്നിവ സംയോജിപ്പിച്ച് ഒരു ടൂറിസം പദ്ധതി നടപ്പാക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.